# Prime Minister's Departure Statement ahead of his visit to Lumbini, Nepal (May 16, 2022)

May 15, 2022

## നേപ്പാളിലെ ലുംബിനി സന്ദർശനത്തിനായി (16 മെയ് 2022) പുറപ്പെടുംമുമ്പു പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി നടത്തിയ പ്രസ്താവന

നേപ്പാൾ പ്രധാനമന്ത്രി ഷേർ ബഹാദൂർ ദ്യൂബയുടെ ക്ഷണപ്രകാരം 2022 മെയ് 16നു ഞാൻ നേപ്പാളിലെ ലുംബിനി സന്ദർശിക്കും.

ബുദ്ധജയന്തിയുടെ ഈ സവിശേഷവേളയിൽ മായാദേവി ക്ഷേത്രത്തിൽ പ്രാർത്ഥിക്കാൻ ഞാൻ കാത്തിരിക്കുകയാണ്. ശ്രീബുദ്ധന്റെ ജന്മസ്ഥലത്തു ശ്രദ്ധാഞ്ജലിയർപ്പിക്കാനെത്തുന്ന ദശലക്ഷക്കണക്കിന് ഇന്ത്യക്കാരുടെ പാദമുദ്രകൾ പിന്തുടരുന്നതിൽ ഞാൻ അഭിമാനിക്കുന്നു.

കഴിഞ്ഞ മാസം നേപ്പാൾ പ്രധാനമന്ത്രി ദ്യൂബയുടെ ഇന്ത്യാസന്ദർശനവേളയിൽ നടന്ന ഫലപ്രദമായ ചർച്ചകൾക്കുശേഷം അദ്ദേഹത്തെ വീണ്ടും കാണാനും ഞാൻ ആഗ്രഹിക്കുന്നു. ജലവൈദ്യുതി, വികസനം, സമ്പർക്കസംവിധാനങ്ങൾ എന്നിവയുൾപ്പെടെ നിരവധി മേഖലകളിൽ സഹകരണം വർധിപ്പിക്കുന്നതിനായി പരസ്പരധാരണയോടെ ഞങ്ങൾ മുന്നോട്ടുപോകും.

പവിത്രമായ മായാദേവി ക്ഷേത്രം സന്ദർശിക്കുന്നതിനുപുറമേ, ലുംബിനി മൊണാസ്റ്റിക് മേഖലയിലെ ബുദ്ധസംസ്കാരത്തിനും പൈതൃകത്തിനുമായുള്ള ഇന്ത്യ അന്താരാഷ്ട്രകേന്ദ്രത്തിന്റെ 'ശിലാന്യാസ്' ചടങ്ങിലും ഞാൻ പങ്കെടുക്കും. നേപ്പാൾ ഗവൺമെന്റ് സംഘടിപ്പിക്കുന്ന ബുദ്ധജയന്തി ആഘോഷങ്ങളിലും ഞാൻ പങ്കെടുക്കും.

നേപ്പാളുമായുള്ള നമ്മുടെ ബന്ധം സമാനതകളില്ലാത്തതാണ്. ഇന്ത്യക്കും നേപ്പാളിനുമിടയിലുള്ള നാഗരികവും ജനങ്ങൾ തമ്മിലുമുള്ള ബന്ധം നമ്മുടെ ദൃഢമായ അടുപ്പത്തിന്റെ ശാശ്വതസൗധമാണു കെട്ടിപ്പടുക്കുന്നത്. നൂറ്റാണ്ടുകളായി വളർത്തിയെടുത്തതും പരസ്പരം ഇഴുകിച്ചേരലിന്റെ നീണ്ട ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടതുമായ ഈ ദീർഘകാലബന്ധത്തെ ആഘോഷമാക്കാനും കൂടുതൽ ഗാഢമാക്കാനും ഉദ്ദേശിച്ചാണ് എന്റെ സന്ദർശനം.

ന്യൂഡല്‍ ഹി.
മെയ് 15, 2022

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.